സെൻട്രൽ ജയിലുകളിൽ തടവുകാർക്ക് പരോൾ (ലീവ്) അനുവദിക്കുന്നതിനുള്ള മാനദണ്ഡം

54 [62] ശ്രീ. കെ. മുസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ). സംസ്ഥാനത്തെ സെൻട്രൽ ജയിലുകളിൽ ജീവപര്യന്തം തടവിൽ കഴിഞ്ഞുവരുന്ന തടവുകാർക്ക് പരോൾ (ലീവ്) അനുവദിച്ചുവരുന്നത് ഏതു മാനദണ്ഡമനുസരിച്ചാണ്;

(ബി) പരോൾ (ലീവ്) അനുവദിക്കുന്നതിന് ചില തടവുകാരോട് ഗവൺമെന്റ് വിവേചനം കാണിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 1958-ലെ കേരളാ ജയിൽ ചട്ടങ്ങളിലെ 452 മുതൽ 457 വരെയുള്ള വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ജീവപര്യന്തം തടവുകാർക്ക് അവധി അനുവദിക്കുന്നത്.

ഈ വ്യവസ്ഥകളനുസരിച്ച് 3 വർഷത്തെ തടവുശിക്ഷ പൂർത്തിയായ തടവുകാരനു 30 ദിവസത്തേക്ക് സാധാരണ അവധി അനുവദിക്കാം. അവധി കഴിഞ്ഞ് ജയിലിൽ തിരിച്ചെത്തി ആറുമാസം പൂർത്തിയായതിനുശേഷം മാത്രമേ തടവുകാരൻ വീണ്ടും സാധാരണ അവധിക്ക് അർഹനാകുകയുള്ളൂ.

അടുത്ത ബന്ധുക്കളുടെ മരണം, ഗുരുതരമായ രോഗം ഇവ പ്രമാണിച്ച് പരമാവധി 10 ദിവസം വരെ തടവുകാരനു അടിയന്തിര അവധി അനുവദിക്കാം.

നെട്ടുകാൽത്തേരി തുറന്നജയിലിലെ തടവുകാർക്ക് ബന്ധപ്പെട്ട പ്രൊബേഷണറി ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 10 ദിവസം വരെ 'ഹോംലീവ്' അനുവദിക്കാറുണ്ട്. മേൽപ്പറഞ്ഞ വ്യവസ്ഥകൾക്ക് വിധേയമാകാതെ ജയിൽ ചട്ടങ്ങളിലെ 452 ബി.ബി. അനുസരിച്ച് അർഹതപ്പെട്ട കേസുകളിൽ യുക്തമായ കാലത്തേക്ക് അവധി അനുവദിക്കുന്നതിന് ഗവൺമെന്റിനു പ്രത്യേകമായി അധികാരമുണ്ട്.

(ബി) ഉണ്ട്.

പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം

55 [63] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായ കെട്ടിടങ്ങൾ ഉണ്ട്;

(ബി) സ്വന്തമായി കെട്ടിടമില്ലാത്തവ എത്ര;

(സി) ഈ സ്റ്റേഷനുകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള നടപടികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയും?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 268

(ബി) 106

(സി) എട്ടാം ധനകാര്യക്കമ്മീഷൻ അവാർഡുതുക ഉപയോഗിച്ച് അടുത്ത നാലു വർഷത്തിനുള്ളിൽ ഈ പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം നിർമ്മിക്കുവാൻ കഴിയും.

പെരുവന്താനം കുമിളി പോലീസ് സ്റ്റേഷനുകളുടെ കെട്ടിട നിർമ്മാണം

56 [64] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിലെ പെരുവന്താനം, കുമിളി പോലീസ് സ്റ്റേഷനുകളുടെ കെട്ടിടനിർമ്മാണത്തിൽ കാലതാമസം വരുത്തുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കെട്ടിടത്തിന്റെ പണികൾ പൂർത്തീകരിച്ച് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) പെരുവന്താനം, കുമിളി പോലീസ് സ്റ്റേഷനുകളുടെ ജലവിതരണ പൈപ്പുലൈൻ പണി ഒഴിച്ചുള്ളതെല്ലാം മിക്കവാറും പൂർത്തിയായിരിക്കുന്നു. ഈ പണി വളരെ വേഗത്തിൽ പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകൾ

57 [65] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടമില്ലാത്ത എത്ര പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്തുണ്ട്; അവ ഏതെല്ലാമാണ്;

(ബി) എത്ര കാലത്തിനുള്ളിൽ ഇതിനെല്ലാം സ്വന്തമായി കെട്ടിടമുണ്ടാക്കാൻ സാധിക്കും?

ഉത്തരം

(എ) 106 പോലീസ് സ്റ്റേഷനുകൾ. വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) എട്ടാം ധനകാര്യ കമ്മീഷൻ അവാർഡുതുക ഉപയോഗിച്ച് അടുത്ത നാലു വർഷത്തിനുള്ളിൽ എല്ലാ പോലീസ് സ്റ്റേഷനുകൾക്കും കെട്ടിടം നിർമ്മിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly